പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 233

# 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ

904/2008.

# 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ

കേരള സംസ്ഥാനത്തെ കേരള സർക്കാരിന്റെ പേപ്പർ ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമം അഭിവൃദ്ധി പ്പെടുത്തുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ കേരള സർക്കാരിന്റെ ഭാഗ്യക്കുറി ഏജന്റുമാരുടെയും, പേപ്പർ ഭാഗ്യക്കുറി വിൽപ്പനക്കാരുടെയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും, അവർക്ക് ആശ്വാസം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂലൈ 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2\. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "തിരിച്ചറിയൽ സർട്ടിഫിക്കറ്റ്" എന്നാൽ ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി നിർവ്വാഹക സമിതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഭാഗ്യക്കുറി ഏജന്റുമാർക്കും/വില്പനക്കാർക്കും നൽകിയ തിരിച്ചറിയൽ കാർഡ് എന്നർത്ഥമാകുന്നു ;

904/2008.

(ബി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 6-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു ;

(സി) "അംശദായം" എന്നാൽ 4-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്ന് അർത്ഥമാകുന്നു ;

(ഡി) "ഭാഗ്യക്കുറി ഡയറക്ടർ" എന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഡയറക്ടർ എന്നർത്ഥമാകുന്നു ;

(ഇ) " ജില്ലാ ഭാഗ്യക്കുറി ഓഫീസർ" എന്നാൽ ബന്ധപ്പെട്ട റവന്യൂ ജില്ലയ്ക്കുവേണ്ടിയുള്ള കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർ എന്നർത്ഥമാകുന്നു ;

(എഫ്) "ഭാഗ്യക്കുറിയുടെ ജില്ലാ ക്ഷേമ ഓഫീസർ" എന്നാൽ 11-ാം വകുപ്പുപ്രകാരം നിശ്ചയിക്കപ്പെട്ട പദ്ധതിയുടെ ജില്ലാതല നടത്തിപ്പിനുവേണ്ടി ഔദ്യോഗികമായി സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു ;

(ജി) "നിർവ്വാഹക സിമിതി" എന്നാൽ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സമിതി എന്നർത്ഥമാകുന്നു ;

(എച്ച്) "കുടുബം" എന്നാൽ ഒരു ഭാഗ്യക്കുറി ഏജന്റിന്റേയോ/വില്പനക്കാരന്റേയോ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കളും, അവിവാഹിതരായ പെൺമക്കളും അതിൽ ഭാഗ്യക്കുറി ഏജന്റിനേയോ/വിൽപ്പനക്കാരനേയോ ആശ്രയിച്ച് കഴിയുന്ന അയാളുടെ അച്ഛൻ, അമ്മ മാനസികമായോ ശാരീരികമായോ അവശതയനുഭവിക്കുന്ന കുട്ടി എന്നിവർ ഉൾപ്പെടുന്നതും എന്നർത്ഥമാകുന്നു ;

(ഐ) "നിധി" എന്നാൽ 3-ാം വകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വില്പനക്കാരുടെയും ക്ഷേമനിധി എന്നർത്ഥമാകുന്നു ;

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(കെ) "ഭാഗ്യക്കുറി ഏജന്റ്" എന്നാൽ കേരള സർക്കാരിന്റെ പേപ്പർ ഭാഗ്യക്കുറി വില്പന നടത്തുന്നതിനുവേണ്ടി കേരള സംസ്ഥാന ജില്ലാ ഭാഗ്യക്കുറി ആഫീസറാൽ നൽകപ്പെട്ട ഏജൻസി ഉള്ളതും പദ്ധതിയിൻകീഴിൽ നൽകപ്പെട്ട സാധുതയുള്ള തിരിച്ചറിയൽ കാർഡ് കൈവശമുള്ളതുമായ ഒരു വ്യക്തി എന്നർത്ഥമാകുന്നതും ഇതിൽ ഒരു കമ്പനി, ഒരു കച്ചവടയോഗം, വ്യക്തികളുടെ സമാജം അല്ലെങ്കിൽ ഒരു സഹകരണസംഘം ഉൾപ്പെടാത്തതുമാകുന്നു ;

(എൽ) "ഭാഗ്യക്കുറി വില്പനക്കാരൻ" എന്നാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള അത്രയും എണ്ണം കേരള സർക്കാരിന്റെ പേപ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(എം) "അംഗം" എന്നാൽ നിധിയിൽ അംഗമായി ചേർന്നതും പദ്ധതിയിൻ കീഴിൽ നൽകിയ ഒരു പാസ്ബുക്ക് കൈവശം ഉള്ളതുമായ ഒരു ഭാഗ്യക്കുറി ഏജന്റ് അല്ലെങ്കിൽ ഭാഗ്യക്കുറി വിൽപ്പനക്കാരൻ എന്നർത്ഥമാകുന്നു.

(എൻ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ഒ) "പേപ്പർ ഭാഗ്യക്കുറി" എന്നാൽ, ഓൺ-ലൈൻ ഭാഗ്യക്കുറി ഒഴികെ 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്റ്റിലെ (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്കനുസൃതമായി കേരള സർക്കാർ നടത്തുന്ന ഏതൊരു ഭാഗ്യക്കുറിയും എന്നർത്ഥമാകുന്നു.

(പി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ക്യൂ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു.

(ആർ) "വിനിർദ്ദേശിച്ച" എന്നാൽ പദ്ധതിയിൽ വിനിർദ്ദേശിച്ച എന്നർത്ഥമാകുന്നു.

(എസ്) "ഭാഗ്യക്കുറിയുടെ സംസ്ഥാന ക്ഷേമ ഓഫീസർ" എന്നാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി 11-ാം വകുപ്പുപ്രകാരം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(റ്റി) "വർഷം" എന്നാൽ സാമ്പത്തികവർഷം എന്നർത്ഥമാകുന്നു.

3. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി പദ്ധതി.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നതും വേഗം, സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി, "കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ആവിഷ്കരിക്കാവുന്നതും, ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് "കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കാവുന്നതുമാണ്.

(2) പദ്ധതിയിൽ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഒരുമാസത്തിൽ, കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ എണ്ണം വില്പന നടത്തുന്ന ഭാഗ്യക്കുറി ഏജന്റുമാർക്കും വില്പനക്കാർക്കും മാത്രമേ, നിധിയിൽ ഒരു അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളു.

4. നിധിയിൽ,—

(എ) 4-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അംശദായങ്ങൾ ;

(ബി) 12-ാം വകുപ്പുപ്രകാരം നിർവ്വാഹക സമിതി കടം വാങ്ങിയിട്ടുള്ള തുക ;

(സി) സർക്കാരോ ഒരു സ്ഥാപനമോ നൽകുന്ന ഗ്രാന്റുകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(ഡി) ഏതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള എന്തെങ്കിലും സംഭാവന അല്ലെങ്കിൽ പണം അടയ്ക്കൽ ;

(ഇ) നിധിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽ നിന്ന് നിർവ്വാഹ സമിതി സ്വരൂപിക്കുന്ന ഏതെങ്കിലും തുക ;

(എഫ്) പദ്ധതിപ്രകാരം ചുമത്തിയ ഏതെങ്കിലും ഫീസ് ;

(ജി) 1991-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി പദ്ധതിയിൽ വ്യവസ്ഥ ചെയ്ത പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധി സ്ഥാപിച്ച തീയതിയിൽ ലഭ്യമായിട്ടുള്ള മറ്റേതെങ്കിലും തുക ;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക ;

വരവ് കൊള്ളിക്കേണ്ടതാണ്.

(5) നിധി, നിർവ്വാഹക സമിതിയിൽ നിക്ഷിപ്തമാകുന്നതും നിർവ്വാഹക സമിതിയാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(6) നിധി, പദ്ധതിയിൽ വിനിർദ്ദേശിച്ചിരിക്കുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

(7) (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതി, അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നപക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തൽ പദ്ധതിപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഒരു അംഗമായിത്തീരാൻ അർഹതയുള്ള ഓരോ ഭാഗ്യക്കുറി ഏജന്റും ഭാഗ്യക്കുറി വിൽപ്പനക്കാരനും, അതതു സംഗതിപോലെ, നിധിയിലേക്കുള്ള വരിസംഖ്യയായി പ്രതിമാസം അൻപത് രൂപ അംശദായമായി നൽകേണ്ടതാണ്.

(2) സർക്കാർ ഓരോ വർഷവും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പുവഴി ശേഖരിക്കുന്ന ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം നിധിയിലേക്ക് അംശദായമായി അടയ്ക്കേണ്ടതാണ്. സർക്കാരിന്റെ അംശദായത്തിന്റെ നിരക്ക് കാലാകാലങ്ങളിൽ പുതുക്കാവുന്നതും ബജറ്റ് നിർദ്ദേശങ്ങളിൽ അനുയോജ്യമായ വകയിരുത്തലുകൾ ശുപാർശ ചെയ്യാവുന്നതുമാണ്.

(3) പദ്ധതിയിൽ വിനിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി പ്രാധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

(4) ഏതെങ്കിലും അംഗം അംശദായം തുടർച്ചയായ ആറ് മാസക്കാലയളവിലേക്ക് അടയ്ക്കാതിരുന്നാൽ സ്വയമേവ അംഗത്വം അവസാനിപ്പിക്കപ്പെടുന്നതാണ്.

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുന്നതിന് സമ്മതിക്കുകയോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു.

6. നിർവ്വാഹക സമിതിയുടെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണനിർവ്വഹണത്തിനും പദ്ധതിയുടെ നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിർവ്വാഹക സമിതി രൂപീകരിക്കാവുന്നതാണ്.

(2) നിർവ്വാഹക സമിതി, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടി "ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി നിർവ്വാഹക സമിതി" എന്ന പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

(3) നിർവ്വാഹക സമിതിയിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രകാരം സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന

നാല് ഔദ്യോഗികാംഗങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന ഏഴ് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ് :—

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ് ;

(ബി) കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിന്റെ ഒരു പ്രതിനിധി ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത തൊഴിൽ വകുപ്പിന്റെ ഒരു പ്രതിനിധി ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഭാഗ്യക്കുറി ഏജന്റുമാരേയും വിൽപ്പനക്കാരേയും പ്രതിനിധാനം ചെയ്യുന്ന ഏഴ് അനൗദ്യോഗിക അംഗങ്ങൾ.

(4) സർക്കാർ, നിർവ്വാഹക സമിതിയിലെ അംഗങ്ങളിൽ ഒരംഗത്തെ അതിന്റെ ചെയർമാനായി നാമനിദ്ദേശം ചെയ്യേണ്ടതാണ്.

(5) സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കേണ്ടതാണ്.

(6) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ നിർവ്വാഹക സമിതി അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണനിർവ്വഹണം നടത്തേണ്ടതാണ്.

(7) നിർവ്വാഹക സമിതിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്നു കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ചെയർമാനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ഏല്പിച്ചുകൊടുക്കാവുന്നതാണ്.

7. സമിതിയുടെ യോഗം.—(1) സമിതി, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും, യോഗം ചേരേണ്ടതാണ്.

(2) സമിതിയുടെ ഒരു യോഗത്തിന് വേണ്ടിയുള്ള ക്വോറം കുറഞ്ഞത്, രണ്ട് ഔദ്യോഗിക അംഗങ്ങളുൾപ്പെടെ സമിതിയുടെ ആറംഗങ്ങളായിരിക്കേണ്ടതാണ്.

(3) ചെയർമാൻ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം സമിതിയുടെ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

(4) സമിതിയുടെ ഒരുയോഗത്തിനു മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യ വോട്ടുകളുടെ സംഗതിയിൽ, ചെയർമാന് അല്ലെങ്കിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതും അത് വിനിയോഗിക്കേണ്ടതുമാണ്.

8. <u>നിർവ്വാഹക സമിതി അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അനൗദ്യോഗിക അംഗങ്ങൾ മൂന്ന് വർഷക്കാലത്തേക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(2) ഏതൊരു അനൗദ്യോഗിക അംഗത്തിനും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകികൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും. എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

(3) പൊതുതാൽപ്പര്യ പ്രകാരം, ഏതെങ്കിലും ഔദ്യോഗിക അംഗം ഔദ്യോഗിക സ്ഥാനത്തിൽ തുടരുന്നത് അനുചിതമെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം കാരണങ്ങൾ രേഖപ്പെടുത്തികൊണ്ട് ഏതു സമയത്തും സർക്കാരിന് അങ്ങനെയുള്ള ഔദ്യോഗിക അംഗത്തെ ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്.

9. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കം ചെയ്യലും.</u>—(1) സർക്കാരിന് സമിതിയിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും,—

(എ) അദ്ദേഹത്തിന് ബുദ്ധിസ്ഥിരതയില്ലെങ്കിൽ ;

(ബി) അദ്ദേഹത്തെ അവിമുക്തനിർദ്ധനനായി വിധിക്കപ്പെട്ടാൽ ;

(സി) അദ്ദേഹം നിർവ്വാഹക സമിതിയുടെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയാണെങ്കിൽ ;

(ഡി) അദ്ദേഹം ഒരംഗമായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, അംഗമായി അദ്ദേഹം തുടരുന്നത് പൊതു താൽപര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗ പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം ;

ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനു മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം നിർവ്വാഹക സമിതിയിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റുവിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് നിർവ്വാഹക സമിതിയിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട നിർവ്വാഹക സമിതിയിലെ ഒരു അനൗദ്യോഗിക അംഗം, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

10. <u>സമിതിയിലെ അംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും</u>.—സമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള സിറ്റിംഗ് ഫീസും, യാത്രാബത്തയും, ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

11. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം</u>.—(1) സർക്കാരിന്, ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിലേക്കായി ഒരു സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ ഓഫീസറെയും ആവശ്യമെന്നു തോന്നുന്നത്ര എണ്ണം ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർമാരെയും മറ്റു ജീവനക്കാരെയും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

(2) നിർവ്വാഹകസമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നിർവ്വഹാക സമിതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

12. <u>കടം വാങ്ങുന്നതിനുള്ള നിർവ്വഹാകസമിതിയുടെ അധികാരം</u>.—നിർവ്വാഹക സമിതിക്ക്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയാമയി പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

13. <u>നിർവ്വാഹകസമിതിയിലെ അനൗദ്യോഗിക അംഗങ്ങൾ പബ്ലിക് സർവന്റുമാർ ആയിരിക്കണമെന്ന്</u>.—നിർവ്വാഹസമിതിയിലെ ഓരോ അനൗദ്യോഗിക അംഗവും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കരുതപ്പെടേണ്ടതാണ്.

14. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം</u>.— ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് നിർവ്വാഹകസമിതിയിലെ ഒരംഗത്തിനോ സമിതിയെ സഹായിക്കുന്ന മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

15. <u>സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ</u>.—സർക്കാരിന്, നിർവ്വാഹകസമിതി അനുവർത്തിക്കേണ്ടതാണെന്ന് കരുതുന്ന, അതിന് ബാധകമാകുന്നതുമായ അങ്ങനെയുള്ള നിർദ്ദേശങ്ങൾ നിർവ്വാഹകസമതിക്ക് നൽകാവുന്നതാണ്.

16. <u>അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഏത് സമയത്തും, നിർവ്വാഹകസമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ഒരു അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും നിർവ്വാഹക സമിതി ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന നിർവ്വാഹകസമിതിയുടെ കൈവശമുള്ള രേഖകളും, കണക്കുകളും, വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാണ്.

17. നിർവ്വാഹക സമിതിയെ അതിലംഘനം ചെയ്യാനുള്ള അധികാരം.—(1) 16-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് പരിഗണിച്ചശേഷമോ അല്ലെങ്കിൽ മറ്റ് വിധത്തിൽ, നിർവ്വാഹകസമിതി, ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിന്മേലോ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള ആറ് മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് നിർവ്വാഹകസമിതിയെ അതിലംഘനം ചെയ്യാവുന്നതാണ് :

എന്നാൽ ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് നിർവ്വാഹക സമിതിക്ക് അതിനെ അതിലംഘനം ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും നിർവ്വാഹക സമിതിയുടെ വിശദീകരണങ്ങളും, ആക്ഷേപങ്ങളും, എന്തെങ്കിലും ഉണ്ടെങ്കിൽ, അവ പരിഗണിക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(എ) നിർവ്വാഹകസമിതിയിലെ എല്ലാ അംഗങ്ങളും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ അങ്ങനെയുള്ള അംഗങ്ങളെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതും ;

(ബി) നിർവ്വാഹകസമിതി വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും അതിലംഘനം ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥന്മാരോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും ;

(സി) നിർവ്വാഹകസമിതിയിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും അതിലംഘനം ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ആണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന അതിലംഘനം ചെയ്യപ്പെടുന്ന കാലയളവ് അവസാനിക്കുമ്പോൾ, സർക്കാർ, 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നിർവ്വാഹകസമിതി പുനഃസംഘടിപ്പിക്കേണ്ടതാണ്.

18. നിധിയുടെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും.—(1) നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി നിർവ്വാഹകസമിതി അങ്ങനെയുള്ള ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) ആഡിറ്റർമാർ നിധിയുടെ/പദ്ധതിയുടെ കണക്കുകൾ വർഷത്തിലൊരിക്കൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

19. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) നിധിയുടെ/പദ്ധതിയുടെ വാർഷിക റിപ്പോർട്ട് നിർവ്വാഹകസമിതിയുടെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും നിർവ്വാഹക സമിതിയുടെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലൈ അവസാനത്തിനുമുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോപ്രകാരമോ അതിൻകീഴിലോ, സർക്കാരോ, നിർവ്വാഹകസമിതിയോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ നിർവ്വാഹക സമിതി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ, കൈകാര്യം ചെയ്യേണ്ടതോ, നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ, കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

21. സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻകീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, സമിതിക്ക്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിനും ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിനും.

22. <u>മറ്റ് ഏതെങ്കിലും ആക്റ്റിനാലോ കരാറിനാലൊ സ്ഥാപിതമായ ക്ഷേമനിധികളിൽ നിന്നും ഉള്ള ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും നിയമപ്രകാരമോ കരാർ പ്രകാരമോ സ്ഥാപിതമായ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിൽ ഉണ്ടായിരുന്ന എല്ലാ തുകകളും ഈ ആക്റ്റിൻകീഴിൽ സ്ഥാപിതമായ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവ് വയ്ക്കുന്നതും, അങ്ങനെയുള്ള ക്ഷേമനിധികളിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട നിർവ്വാഹകസമിതിക്ക് അത്തരം പദ്ധതികൾ സംബന്ധിച്ചുള്ള എല്ലാ അവകാശവാദങ്ങളും തീരുമാനിക്കാവുന്നതും വിതരണം ചെയ്യാവുന്നതും ആണ്.

23. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

24. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2008-ലെ 33) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

[3 (2) വകുപ്പുകാണുക]

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. നിർവ്വാഹക സമിതി നിധിയുടെ ഭരണം നടത്തേണ്ട രീതി.
2. ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും രജിസ്ട്രേഷൻ.
3. ഭാഗ്യക്കുറി ഏജന്റുമാരും വിൽപ്പനക്കാരും സ്വയമോ അവർക്കു വേണ്ടിയോ നിധിയിലേക്ക് അംശദായം നൽകുന്നതിനുള്ള സമയവും രീതിയും.
4. വിവിധ മേഖലകളിൽ നിന്നും അംശദായം വസൂലാക്കേണ്ട രീതി.
5. നിർവ്വാഹക സമിതിയെ സഹായിക്കുന്നതിനുവേണ്ടി ഏതെങ്കിലും സമിതിയുടെ രൂപവൽക്കരണം.
6. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ അല്ലെങ്കിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയുടെ വക പണം നിക്ഷേപിക്കലും, ബഡ്ജറ്റ് തയ്യാറാക്കലും, കണക്കുകൾ ആഡിറ്റ് ചെയ്യലും, സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കലും.
7. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിന് അനുവദിക്കുന്നതിനും അതിൽ നിന്നുള്ള ഏതെങ്കിലും കിഴിക്കലോ, കണ്ടുകെട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും അപ്രകാരമുള്ള കിഴിക്കലിന്റെയോ, കണ്ടുകെട്ടലിന്റെയോ പരമാവധി തുകയും.
8. ഒരംഗം തന്റെയും തന്റെ കുടുംബത്തെയുംപറ്റിയുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ നൽകേണ്ടുന്ന ഫാറം.
9. ഒരംഗത്തിന്റെ മരണത്തെത്തുടർന്ന് ആ അംഗത്തിന് നിധിയിൽ നിന്നും ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സ്വീകരിക്കുവാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യലും അത്തരം നാമനിർദ്ദേശത്തിന്റെ പരിശോധനയും റദ്ദാക്കലും.
10. അംഗങ്ങളെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും രേഖകളും.
11. നിധിയിലെ ഏതെങ്കിലും അംഗത്തിനെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ ഫാറവും, രൂപവും, അതിന്റെ നൽകലും കൈവശം വയ്ക്കലും മാറ്റിക്കൊടുക്കലും.
12. പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കായി ചുമത്തേണ്ട ഫീസ്.

13. 22-ാം വകുപ്പുപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൊണ്ടുവരേണ്ടതിന്റെയും, വരവ് വയ്ക്കേണ്ടതിന്റെയും രീതി.

14. അംഗങ്ങളുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി, ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

15. നിധിയുടെ ഭരണ നിർവ്വഹണത്തിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

16. നിധിയിൽ നിന്നും ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ, മുൻകൂറുകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

17. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായതോ ഉചിതമായതോ ആയ മറ്റേതെങ്കിലും സംഗതി.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ, 2007-08-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 134-ാം ഖണ്ഡികയിൽ ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ഗുണത്തിനായി ഒരു പുതിയ ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള അതിന്റെ ഉദ്ദേശ്യം പ്രഖ്യാപിക്കുകയുണ്ടായി. 1991 മാർച്ച് 30-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 69/1991/പി.ഡി. പ്രകാരം പ്രഖ്യാപിച്ച നിലവിലുള്ള 1991-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ ക്ഷേമനിധി പദ്ധതി ഭാഗ്യക്കുറി ഏജന്റുമാർക്കുമാത്രമായി പരിമിതപ്പെടുത്തിയതിനാലാണ് ഇത് ആവശ്യമായിത്തീർന്നത്. വിൽപ്പനക്കാർ ഇതിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ കേരള സംസ്ഥാനത്തെ കേരള സർക്കാരിന്റെ പേപ്പർ ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമം അഭിവൃത്തിപ്പെടുത്തുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനും വേണ്ടി ഒരു പുതിയ ഷേമനിധി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2008-ലെ 19) 2008 ജൂൺ 9-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, അത് 2008 ജൂൺ 10-ാം തീയതിയിലെ 1166-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2008 ജൂൺ 23-ാം തീയതി ആരംഭിച്ച് 2008 ജൂലൈ 24-ാം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല. ആയതിനാൽ, 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ഓർഡിനൻസ്, (2008-ലെ 33) ഗവർണ്ണർ, 2008 ആഗസ്റ്റ് 1-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2008 ആഗസ്റ്റ് 2-ാം തീയതിയിലെ 1689-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2008-ലെ 33-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, നടപ്പ് വർഷത്തിൽ വാർഷിക വിറ്റുവരവ് അഞ്ഞൂറ് കോടി രൂപയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡപ്രകാരം നിധി യിലേക്ക് കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് മുഖേന സമാഹരിച്ച ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആകെ വിറ്റുവരവിന്റെ ഒരു ശതമാനം സർക്കാർ അംശദായമായതിനാൽ, സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും അഞ്ചുകോടി രൂപ ചെലവുണ്ടാകുന്നതാണ്. അത്തരം അംശദായം നൽകുന്നതിനാവശ്യമായ തുക ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിറ്റുവരവിനനുസൃതമായി വർഷാവർഷം വ്യത്യാസപ്പെടുന്നതാണ്.

ആയതിനാൽ, ഇതു സംബന്ധിച്ചുള്ള ആവർത്തന ചെലവ് കൃത്യതയോടെ കണക്കാക്കുന്നതിന് ഈ ഘട്ടത്തിൽ സാധിക്കുന്നതല്ല.

## എൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡം, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ക്ഷേമനിധി എന്ന പേരിൽ ഒരു നിധി ഏർപ്പെടുത്തുന്നതിനും സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം, (3)-ാം ഉപഖണ്ഡം, നിധിയിലേക്കുള്ള അംശദായം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അല്ലെങ്കിൽ ഇതിലേക്കായി പ്രാധികാരം ചെയ്ത മറ്റ് ഉദ്യോഗസ്ഥർക്ക് ഏത് രീതിയിൽ നൽകണമെന്ന് പദ്ധതിയിൽ വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 5-ാം ഖണ്ഡം, പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിനോ, ഭേദഗതി വരുത്തുന്നതിനോ വ്യത്യാസം വരുത്തുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, നിധിയുടെ ഭരണ നിർവ്വഹണത്തിനായി ഒരു നിർവ്വാഹകസമിതി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 6-ാം ഖണ്ഡം, (6)-ാം ഉപഖണ്ഡം, നിധിയുടെ ഭരണ നിർവ്വഹണം നിർവ്വാഹക സമിതി ഏത് രീതിയിൽ നടത്തണമെന്ന് വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 10-ാം ഖണ്ഡം, നാമനിർദ്ദേശം ചെയ്യപ്പെട്ട സമിതി അംഗങ്ങൾക്ക് ലഭിക്കാൻ അർഹതയുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ദിനബത്ത, എന്നിവയുടെ നിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 12-ാം ഖണ്ഡം, പദ്ധതിയുടെ ആവശ്യങ്ങൾക്കായി ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിർവ്വാഹകസമിതിക്ക് പണം കടം വാങ്ങാമെന്ന് വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 17-ാം ഖണ്ഡം, നിർവ്വാഹകസമിതിയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നപക്ഷം അതിനെ അതിലംഘനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 18-ാം ഖണ്ഡം, നിധിയുടെ കണക്കുകൾ ഏതുരീതിയിൽ ഓഡിറ്റ് ചെയ്യണമെന്ന് വിനിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 23-ാം ഖണ്ഡം, മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

11 ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങളോ പദ്ധതികളോ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമങ്ങളോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവ ആകുന്നു. തന്നെയുമല്ല, ഉണ്ടാക്കുന്ന ചട്ടങ്ങളോ പദ്ധതികളോ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ എൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്